# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/37/2017   <u>പത്രക്കുറിപ്പ്</u>   2017 ഫെബ്രുവരി 18

**പരീക്ഷകൾ മാറ്റി**

ഫെബ്രുവരി 22 ന് ആരംഭിക്കാനിരുന്ന രണ്ടാം സെമസ്റ്റർ ബി.എഡ്.(ക്രെഡിറ്റ് & സെമസ്റ്റർ-2013/2014 അഡ്മിഷൻ സപ്ലിമെന്ററി/റീ അഡ്മിഷൻ പരീക്ഷകൾ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട്.

ഫെബ്രുവരി 20, 22 ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി.എ ക്രിമിനോളജി എൽ.എൽ.ബി ഓണേഴ്സ്/ബി.കോം എൽ.എൽ.ബി ഓണേഴ്സ/ബി.ബി.എ എൽ.എൽ.ബി ഓണേഴ്സ്(2015 ന് മുൻപുള്ള അഡ്മിഷൻ) പരീക്ഷകൾ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട്. മറ്റു പരീക്ഷകൾക്കു മാറ്റമില്ല.

**പരീക്ഷാഫലം**

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. ബ്രാഞ്ച് 2 ഫിസിക്സ്-നോൺ സി.എസ്.എസ് സപ്ലിമെന്ററി ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയ ത്തിനുമുള്ള അപേക്ഷകൾ മാർച്ച് 4 വരെ സ്വീകരിക്കും.

2016 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ ബി.എഫ്.റ്റി ഓഫ് കാമ്പസ്സ് ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 4 വരെ സ്വീകരിക്കും.

**പ്രത്യേക സിൻഡിക്കേറ്റ് യോഗം**

ഫെബ്രുവരി 15 ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റി വച്ചതുമായ എം.ജി സർവ്വകലാശാലാ പ്രത്യേക സിൻഡിക്കേറ്റ് യോഗം ഫെബ്രുവരി 25 ന് രാവിലെ 10.30 ന് സിൻഡിക്കേറ്റ് ഹാളിൽ കൂടുന്നതാണ്.

**ചിത്രരചനാമത്സരം**

ഫെബ്രുവരി 27 മുതൽ മാർച്ച് 3 വരെ നടക്കുന്ന പ്രൊഫ : ഡി. വിനയചന്ദ്രൻ അനുസ്മരണ പ്രഭാഷണ പരമ്പരയോടനുബന്ധമായി ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവ്വീസസ് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള കോളേജ് വിദ്യാർത്ഥികൾക്കായി ചിത്രരചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഫെബ്രുവരി 27 ന് പെയിന്റിംഗ്, 28 ന് കൊളാഷ്, മാർച്ച് 1 ന് കാർട്ടൂൺ, മാർച്ച് 2 ന് പോസ്റ്റർ ഡിസൈനിംഗ്. രാവിലെ 10 മുതൽ 12.30 വരെയാണ് മത്സരം.

ഒന്നാം സമ്മാനം 3,000/- രൂപ, രണ്ടാം സമ്മാനം 2,000/- രൂപ, മൂന്നാം സമ്മാനം 1000/- രൂപ എന്നിങ്ങനെ ക്യാഷ് പ്രൈസും ഉണ്ടായിരിക്കുന്നതാണ്. മാർച്ച് 3 ന് സ്ക്കൂൾ ഓഫ് ലെറ്റേഴ്സിൽ നടക്കുന്ന ഡി. വിനയചന്ദ്രൻ അനുസ്മരണ സമ്മേളനത്തിലാണ് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നത്. താല്പര്യമുള്ളവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ അപേക്ഷ ഫെബ്രുവരി 23 നകം സ്ക്കൂൾ ഓഫ് ലെറ്റേഴ്സ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446 265 930, 9447 113 218, 9496 119 457 എന്നീ നമ്പറുകളുമായി ബന്ധപ്പെടുക

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**